# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in&kauagmet@yahoo.co.in**

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 13/2021 (25) ചൊവ്വാഴ്ച **തീയ്യതി 23.03.2021**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.4 മുതൽ 37.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.4 മുതൽ 25.3 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 82 മുതൽ 92 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 20 മുതൽ 45 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.6 മുതൽ 2.7 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 3.0 മുതൽ 9.9 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.6 മുതൽ 5.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 24.03.2021 | 25.03.2021 | 26.03.2021 | 27.03.2021 | 28.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 5 | 4 | 3 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 36 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 67 | 67 | 67 | 67 | 67 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 2 | 4 | 4 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 50 | 230 | 230 | 250 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 6 | 1 | 7 |
| **ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.** | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷികോൽപ്പന്നങ്ങൾ ഉണക്കുമ്പോഴും, കീടനാശിനി പ്രയോഗം നടത്തുമ്പോഴും ശ്രദ്ധിക്കേണ്ടതാണ്.** | | |
| നെല്ല് (മുണ്ടകൻ) കൊയ്ത്തു പരുവം | ചാഴി | നെല്ലിൽ കാണപ്പെടുന്ന ചാഴിയെ നിയന്ത്രിക്കാൻ പാടവും വരമ്പും കള വിമുക്തമാക്കുക. ഒരു പാടശേഖരത്ത് ഒരേ മൂപ്പുള്ള ഇനങ്ങൾ ഒരേ സമയത്ത് കൃഷി ഇറക്കി ഒരേ സമയത്ത് കീടനാശിനി പ്രയോഗം ചെയ്യാൻ ശ്രദ്ധിക്കുക. മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും). |
| തെങ്ങ് | പരിചരണം | അന്തരീക്ഷഊഷ്മാവ് കൂടിവരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽനിന്ന് മൂന്ന്മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക്ചുറ്റും തടിയിൽനിന്നും രണ്ട്മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനുമുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5–7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25കി.ഗ്രാം എന്നതോതിൽ ഓരോവർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| പച്ചക്കറികൾ | നീരൂറ്റികുടിക്കുന്ന പ്രാണികൾ | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ നീരൂറ്റികുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്.ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകിട്ട് നാല് മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ. അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നത് ആണ് കൂടുതൽ നല്ലത് | |